പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4522 28.06.2013 ൽ മറുപടിയ്ക്ക്.

## അഹാഡ്സിന്റെ തുവരപരിപ്പ് ഫാക്ടറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| എ) കുട്ടികൾക്കുള്ള പോഷാകാഹാര പ്പൊടി വിതരണം ചെയ്യുന്നതി നായി അഹാഡ്സ് തുവരപരിപ്പ് ഫാക്ടറി സ്ഥാപിച്ചിട്ടുണ്ടോ; ഇതിനായി എത്ര രൂപ ചെലവഴി ച്ചുവെന്നും ഏത് ഫണ്ടിൽ നിന്നാണ് ഈ തുക വിനിയോഗി ച്ചതെന്നും വ്യക്തമാക്കുമോ; | എ) കുട്ടികളുടെ പോഷാകാഹാരപൊടി വിതരണം ചെയ്യുന്നതിനായി അഹാഡ്സ് തുവരപരിപ്പ് ഫാക്ടറി സ്ഥാപിച്ചിട്ടില്ല. എന്നാൽ അട്ടപ്പാടി യിൽ ഉത്പാദിപ്പിക്കപ്പെടുന്ന തുവരയുടെ സംസ്കരണത്തിനായി മൈസൂറിലെ CFTRI (Central Food Technology Research Institution) നിന്നും പരീക്ഷണാർത്ഥം കൈകൾ കൊണ്ട് പ്രവർത്തിപ്പിക്കുന്ന രണ്ട് ചെറിയ തുവര സംസ്കരണ യൂണിറ്റു കൾ സൗജന്യമായി തന്നെ വരുമാന ദായക ഗ്രൂപ്പുകൾക്ക് അനുവദിച്ചി- രുന്നു.<br>പിന്നീട് സബ്സിഡി നിരക്കിൽ 1.5 ലക്ഷം രൂപക്ക് ഒരു ഹെവി ദാൽ മിൽ യൂണിറ്റ് EXPERIMENTAL UNIT ആയി അഹാഡ്സിന് അനു വദിക്കുകയുണ്ടായി. അട്ടപ്പാടിയിൽ ഉത്പാദിപ്പിക്കപ്പെടുന്ന മുഴുവൻ തുവരയുടെയും സംസ്കരണം സാധ്യ മാക്കുന്ന ഈ യൂണിറ്റിനാവശ്യമായ ഫണ്ട് പ്രോജക്ട് ഫണ്ടിൽ നിന്നു മാണ് അനുവദിച്ചത്. |

| | |
|---|---|
| ബി) ഇപ്പോൾ ഫാക്ടറി പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ? | ബി) ഇപ്പോൾ ഫാക്ടറി പ്രവർത്തിക്കുന്നില്ല. കാരണം തുവരസംസ്കരിക്കുന്നതിനു മുമ്പായുള്ള പ്രീ-പ്രോസ്സസിംങ് കൃത്യമായി ചെയ്താൽ മാത്രമേ തുവരയുടെ സംസ്കരണം കൃത്യമായി ഈ ഫാക്ടറിയിൽ ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. മാത്രമല്ല വലിയ അളവ് തുവര ഉണ്ടെങ്കിൽ മാത്രമേ ഫാക്ടറി പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇത്തരം ഫാക്ടറി പ്രവർത്തിപ്പിക്കാൻ ആവശ്യമായ സാങ്കേതിക വിദഗ്ധരുടെ അഭാവം കൊണ്ട് കൂടിയാണ് ഫാക്ടറി പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകാൻ സാധിക്കാതിരുന്നത്.<br>അഹാഡ്സിന്റെ പദ്ധതി പ്രവർത്തനങ്ങൾ അവസാനിക്കുന്ന സാഹചര്യത്തിൽ ഈ ഫാക്ടറി **ITDP** യുടെ കീഴിലുള്ള മാർക്കറ്റിംഗ് സംവിധാനവുമായി ലിംഗ് ചെയ്യാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറുവാനും അഹാഡ്സിന്റെ ഭരണ സമിതിയിൽ (ഗവേർണിംങ് ബോഡി) തീരുമാനമായിരുന്നു. എന്നാൽ നാളിതുവരെ മാർക്കറ്റിംഗ് സെന്ററിന്റെ പണി പൂർത്തിയാവാത്ത സാഹചര്യത്തിലും അഹാഡ്സിന്റെ പദ്ധതി പ്രവർത്തനങ്ങൾ സർക്കാർ അവസാനിപ്പിച്ച സാഹചര്യത്തിലും വൈദ്യുതി ചാർജ്ജ്, വാടക എന്നീ ഇനങ്ങളിൽ മാസംതോറുമുള്ള ചെലവ് വഹിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിലും ഭരണ സമിതിയുടെ അംഗീകാരത്തോടെ പ്രസ്തുത ഫാക്ടറി DISMANTLE ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ